ചന്ദനക്കള്ളക്കടത്ത്

102 [T1820] ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം 2005 ജനുവരി 31 വരെ എത്ര ചന്ദന കള്ളക്കടത്ത് കേസുകൾ പിടിച്ചു എന്നും എത്ര ടൺ ചന്ദനമരം കണ്ടുകെട്ടിയെന്നും അതിന് എത്ര തൂക വില വരുമെന്നും അറിയിക്കാമോ ;

(ബി) ചന്ദനകൊള്ളക്കാരെ നേരിട്ടതിനെത്തുടർന്ന് മർദ്ദനത്തിനും ആക്രമണത്തിനും വിധേയരായ വനംവകുപ്പ് ഉദ്യോഗസ്ഥന്മാർക്ക് എന്തൊക്കെ ആശ്വാസ നടപടികളാണ് ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ ;

(സി) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നശേഷം ചന്ദനക്കള്ളക്കടത്തുമായി ബന്ധപ്പെട്ട് ഏതെങ്കിലും ഉദ്യോഗസ്ഥർ പിടിയിലായിട്ടുണ്ടോ ;

(ഡി) കേരളത്തിൽ 2001 മേയ് 17-നുശേഷം നാളിതുവരെ എത്ര ചന്ദനത്തൈല ഫാക്ടറികൾ പ്രവർത്തിച്ചിരുന്നു എന്നും അതിൽ ലൈസൻസുള്ളവ എത്രയെന്നും വ്യക്തമാക്കാമോ ;

(ഇ) അനധികൃത ചന്ദനഫാക്ടറികൾക്കെതിരെ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഇക്കാലയളവിൽ 1141 ചന്ദനക്കള്ളക്കടത്ത് കേസുകൾ പിടിച്ചു. കണ്ടുകെട്ടിയ ചന്ദനത്തടിയുടെ വിവരം ശേഖരിച്ചുവരുന്നു.

(ബി) ആക്രമണത്തിന് വിധേയരായ വനംവകുപ്പ് ഉദ്യോഗസ്ഥർക്ക് പ്രത്യേകമായി ആശ്വാസനടപടികളൊന്നും പ്രഖ്യാപിച്ചിട്ടില്ല. സർക്കാർ ജീവനക്കാർക്ക് ലഭിക്കുന്ന മെഡിക്കൽ റീ ഇംപേഴ്സ്മെന്റ്, അപകടത്തെത്തുടർന്നുള്ള ചികിൽസയ്ക്ക് ആക്രമണത്തിനിരയായവർക്ക് ലഭിക്കുന്നതാണ്.

(സി) ഉണ്ട്. ഒലവക്കോട് സർക്കിളിൽ വാളയാർ റൂറൽ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന്റെ പരിസരത്തുവച്ച് 13-1-2005-ന് ചന്ദനകള്ളക്കടത്തുമായി ബന്ധപ്പെട്ട് എംപ്ലോയിമെന്റ് വഴി നിയമിതനായ ഫോറസ്റ്റ് ഗാർഡിനേയും ഒരു ദിവസക്കൂലി വാച്ചറേയും ദേവികുളം റെയിഞ്ചിലെ ഒ. ആർ. 3/05 പ്രകാരം ദേവികുളം റെയിഞ്ചോഫീസറും പാർട്ടിയും അറസ്റ്റ് ചെയ്തിട്ടുണ്ട്. കോട്ടയം സർക്കിളിന്റെ കീഴിൽ ഈ വിഷയവുമായി ബന്ധപ്പെട്ട് ഒരു പോലീസുകാരനെ അറസ്റ്റ് ചെയ്യുകയും മറ്റൊരു ഫോറസ്റ്റ് ഗാർഡിനെതിരെ കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കേരളത്തിൽ 2001 മേയ് 17-നു ശേഷം നാളിതുവരെ 23 ചന്ദനഫാക്ടറികൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഇവയിൽ 2001-ൽ പന്ത്രണ്ട് ഫാക്ടറികൾക്കും 2002-ൽ പത്ത് ഫാക്ടറികൾക്കും 2003-ൽ ഒൻപത് ഫാക്ടറികൾക്കും 31-3-2004 വരെ അഞ്ച് ഫാക്ടറികൾക്കും ലൈസൻസുണ്ട്.

(ഇ) അനധികൃത ചന്ദനഫാക്ടറികൾ പ്രവർത്തിക്കുന്നത് തടയുന്നതിനായി ഇടവിട്ട് റെയ്ഡ് നടത്തുകയും സാമഗ്രികൾ പിടിച്ചെടുക്കുകയും ഫാക്ടറി സീൽ ചെയ്തും നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. എല്ലാ അനധികൃത ചന്ദന ഫാക്ടറികളും അടച്ചുപൂട്ടാൻ 9-2-2005-ലെ ജി. ഒ. (എം.എസ്.) 17/05/വനം പ്രകാരം ബന്ധപ്പെട്ട എല്ലാ വകുപ്പുകൾക്കും വനംവകുപ്പുദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

ചന്ദനമാഫിയാ ആക്രമണം

103 [T 1821] ശ്രീ. ഡി. സുഗതൻ :

ശ്രീമതി മേഴ്സി രവി :

ശ്രീ. കെ. സി. ജോസഫ് :

പ്രൊഫ. കെ. വി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം ഇതുവരെ ചന്ദനമാഫിയ ഫോറസ്റ്റ് ഉദ്യോഗസ്ഥരെ എത്ര പ്രാവശ്യം ആക്രമിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) എവിടെയെല്ലാം വച്ചാണ് പ്രസ്തുത ആക്രമണം നടത്തിയത് ;

(സി) ഇതുസംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്?

ഉത്തരം

(എ) ചന്ദനമാഫിയ നാലുപ്രാവശ്യം ഫോറസ്റ്റ് ഉദ്യോഗസ്ഥരെ ആക്രമിച്ചിട്ടുണ്ട്.

(ബി) മറയൂർ റെയിഞ്ചിൽ മൂന്നു പ്രാവശ്യവും മണ്ണാർക്കാട് ഡിവിഷനിൽ ഒരു പ്രാവശ്യവുമാണ് ആക്രമണം ഉണ്ടായത്. ആക്രമണം നടന്ന സ്ഥലങ്ങൾ താഴെപ്പറയുന്നു:

1. മറയൂർ.
2. പള്ളനാട്, മറയൂർ.
3. മൂന്നാർ ടൗൺ.
4. മണ്ണാർക്കാട്.

(സി) നാലുകേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly